ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 81 കുടുംബങ്ങൾ.

(സി) അപേക്ഷ നൽകുന്ന മുറയ്ക്ക് അർഹതയുള്ള കേസുകളിൽ പട്ടയം നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പതിച്ചുകൊടുക്കുവാൻ സാങ്കേതിക തടസ്സമുള്ള കേസുകളിൽ കൈവശ രേഖ നൽകാൻ നടപടി സ്വീകരിക്കുന്നുണ്ട്.

കാവുകൾ/ജൈവ വൈവിധ്യമുള്ള പ്രദേശം എന്ന വിഭാഗത്തിൽപ്പെടുന്ന ഭൂമി

6 [602] ഡോക്ടർ തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവുകൾ/ജൈവവൈവിധ്യമുള്ള പ്രദേശം എന്ന വിഭാഗത്തിൽപ്പെടുന്ന എത്ര ഹെക്ടർ ഭൂമിയാണ് ഓരോ ജില്ലയിലും റവന്യൂ വകുപ്പിന്റെ കൈവശം ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം പ്രദേശങ്ങളുടെ സംരക്ഷണത്തിനും വികസനത്തിനും റവന്യൂ വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഓരോ ജില്ലയിലും ചെയ്യുന്നതെന്ന് വിശദമാക്കാമോ;

(സി) ഈ ഇനത്തിൽ എന്ത് തുക വീതം ഓരോ ജില്ലയിലും 2001-02 മുതൽ 2004-05 വരെ ചെലവഴിച്ചുവെന്ന് അറിയിക്കുമോ;

(ഡി) റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഇത്തരം പ്രദേശങ്ങളുടെ സംരക്ഷണ-വികസന ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുവാൻ സന്നദ്ധമാകുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ഇ) ഇവയുടെ സംരക്ഷണവും വികസനവും ലക്ഷ്യമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ സമർപ്പിക്കുകയാണെങ്കിൽ പദ്ധതി നടപ്പിലാക്കുവാൻ റവന്യൂ വകുപ്പ് അനുവാദം നൽകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly